# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 249/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 18/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 249/2022 തീയ്യതി: 18/03/2022

# പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2019 മുതൽ 06-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 07-02-2022 | 26-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 26-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സി. വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി. നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മോഹൻ രാജ് ജേക്കബ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സജീവ് കുമാർ കെ.കെ | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ റ്റി.വി. വിജയൻ | സെക്രട്ടറി | 16-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ശ്രീകുമാർ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. മോഹൻ തോമസ് പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. രമ്യ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 07-01-2020 |
| ഡോ. വിനോദ് എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 08-01-2020 | 31-03-2020 |
| ശ്രീ അനു അജയൻ | വി.ഇ.ഒ | 01-04-2019 | 20-06-2019 |
| ശ്രീമതി സന്ധ്യ റ്റി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ബിജുമോൻ സി കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഉഷ സി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-04-2019 |
| ശ്രീ ശ്യാം എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-05-2019 | 31-03-2020 |
| ശ്രീ മനോജ് ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ. മഹിമ ജോൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) | 01-04-2019 | 31-03-2020 |
| ശ്രീ മാത്യു ഒ. ആർ | വി.ഇ.ഒ | 21-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-10 |
| 11 | തൊഴിൽ നികുതി പിരിവ്- അപാകങ്ങൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-11 |
| 12 | വാടകപിരിവ് - അപാകങ്ങൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 19-03-2022) | 1-12 |
| 13 | ലേലനടപടികൾ സമയബന്ധിതമായി നടത്തുന്നില്ല<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-13 |
| 14 | കടമുരട്ടി എൽ.പി. സ്കൂൾ അടുക്കള നിർമ്മാണം-ഫൈൻ ഈടാക്കിയത് കുറവ്<br>Written By: Muhsin Faisal (Audit Officer, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-14 |
| 15 | എസ്.സി.പി ഫണ്ട് വകമാറ്റി ചെലവഴിച്ചു<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-15 |
| 16 | അധികമായി ഒടുക്കിയ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതിന്റെ രേഖകളില്ല<br>Written By: Veena C (Asst. Audit Officer, On 27-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 19-03-2022) | 1-16 |
| 17 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ധനസഹായം നൽകി | 1-17 |

| | | |
|---|---|---|
| | Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | |
| 18 | പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Aswathy.V.Nair (Auditor, On 27-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-18 |
| 19 | ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-19 |
| 20 | 'എയ്ഞ്ചൽ സേന' - ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 19-03-2022) | 1-20 |
| 21 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 19-03-2022) | 1-21 |
| 22 | ചെലവ് രേഖകൾ ഇല്ല<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-22 |
| 23 | നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-23 |
| 24 | എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 28-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 11-02-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: P.K Vijayalakshmi (Deputy Director, On 19-03-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 11-02-2022)<br>Last Updated By: Johncy John (Computer Assistant, On 16-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

31.01.2019 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. 132772376/- വരവും 130586600/- ചെലവും 2185776/- രൂപ മിച്ചവും വരുന്ന ബജറ്റ് 22.02.2019ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 19.02.19 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം - ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 3750000 | 2417950 | 1332050 |
| | എ | വസ്തുനികുതി | 2800000 | 1574520 | 1225480 |
| | ബി | തൊഴിൽ നികുതി | 950000 | 648860 | 301140 |
| 2 | | നികുതിയിതര വരവുകൾ | 1792500 | 460236 | 1332264 |
| | എ | വാടക കെട്ടിടങ്ങൾ | 850000 | 353729 | 496271 |
| | | വാടക-ഓഡിറ്റോറിയം | 5000 | 0 | 5000 |
| | ബി | ലൈസൻസ് | 15000 | 71270 | -56270 |
| | | പലിശ | 200000 | 163591 | 36409 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7392000 | 7589376 | -197376 |
| 4 | | വികസന ഫണ്ട് | 30196000 | 22312777 | 7883223 |
| 5 | | സംരക്ഷണ ഗ്രാന്റ് | 12037000 | 5942430 | 6094570 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 13810000 | 3559438 | 10250562 |
| 7 | | ഭരണ ചെലവുകൾ | 1926000 | 797393 | 1128607 |
| 8 | | ഓപ്പറേഷൻസ്& മെയിന്റനൻസ് | 3127000 | 1049794 | 2077206 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 12694850 | 6321157 | 6373693 |
| 10 | | പ്ലാൻ-സേവന മേഖല | 65237260 | 19820276 | 45416984 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 2290000 | 1666154 | 623846 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 1939490 | 75490 | 1864000 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 1654000 | 6667581 | -5013581 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള

പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

2019-20ലെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ (ഷെഡ്യൂൾ ബി3) മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ പുതുതായി സൃഷ്ടിച്ച ആസ്തികൾക്ക് തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി4-ലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകങ്ങളിലെ തുകയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക (3217792 രൂപ) ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ (B17) ട്രഷറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്(Joint Venture) നീക്കിയിരിപ്പുമായി (1591569) പൊരുത്തപ്പെടുന്നില്ല.

4. ലോൺ ഇനത്തിലെ നീക്കിയിരിപ്പ്, തൻ വർഷ വായ്പ എന്നിവ ലോൺ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|
| തൻവർഷ വായ്പ നീക്കിയിരിപ്പ് | 8170000 | 9220000 |
| | 19951764 | 21001764 |

5. ഷെഡ്യൂൾ B15, RP-43, I-1 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തുനികുതി കണക്കുകളുമായി പൊരുത്തപ്പെടുന്നന്നില്ല.

6. ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ (ഷെഡ്യൂൾ B14) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

7. ബാങ്ക് റിക്കൺസലിയേഷൻ സ്റ്റേറ്റ് മെന്റുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP 40(b), ഷെഡ്യൂൾ ബി-17 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

8. ഷെഡ്യൂൾ ബി 18 പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ 1670000 രൂപയും കെ.എസ്.ഇ.ബി-യിൽ 3140078 രൂപയും അവശേഷിക്കുന്നു. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ നിർവ്വഹണ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പരിശോധിച്ച് അഡ്വാൻസിൽ കുറവ് ചെയ്യുകയോ ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല. ഭൂജല വകുപ്പ്, പി.ഡബ്ല്യു.ഡി എന്നീ ഏജൻസികളിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16219363 |
| വരവ് | 62596413 |
| ആകെ | 78815776 |
| ചെലവ് | 60406638 |
| നീക്കിയിരിപ്പ് | 18409138 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13890000 | 13890000 | 13328576 | 561424 | 0 | 561424 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 3723000 | 3723000 | 3365000 | 358000 | 0 | 358000 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 4204000 | 4204000 | 3988331 | 215669 | 0 | 215669 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7858937 | 7858937 | 3682706 | 4176231 | 0 | 4176231 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9718000 | 9718000 | 3704244 | 6013756 | 0 | 6013756 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4349000 | 4349000 | 2238186 | 2110814 | 0 | 2110814 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| എം.ജി.എൻ. ആർ.ജി.എസ്സ് | 0 | 25266996 | 25266996 | 25266996 | 0 | | |
| ഐ.സി.ഡി.എസ്സ് | 318667 | 2434397 | 2753064 | 300267 | 2452797 | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| സാക്ഷരത | 1998 | 101 | 2099 | - | 2099 | | |
| ശുചിത്വ മിഷൻ | 129797 | 0 | 129797 | 0 | 129797 | | |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള വികസനഫണ്ട് ജനറൽ, എസ്.സി,പി, ടി.എസ്.പി ഇനങ്ങളിലെ വരവ് തുകകളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക |
|---|---|
| ജനറൽ | 926471(ലൈഫ് പദ്ധതി ജനറൽ – വായ്പ തിരിച്ചടവ്) |
| ജനറൽ | 963600 (അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം) |
| എസ്.സി.പി | 44118 (ലൈഫ് – എസ്.സി.പി – വായ്പാ തിരിച്ചടവ്) |
| ടി.എസ്.പി. | 117647 (ലൈഫ് – ടി.എസ്.പി – വായ്പാ തിരിച്ചടവ്) |

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|---|---|---|
| 218 | 102691234 | 123 | 33054481 | - | 95 | 32.19 |

2019-20 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 2-10-2018,29-1-2019 |
| ഗ്രാമസഭകൾ | 12-11-2018മുതൽ19-11-18വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി | 22-11-2018,5-12-2018 |
| വികസന സെമിനാർ | 7-12-2018 |
| പഞ്ചായത്ത് കമ്മിറ്റി | 20-12-2018 |

<u>സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല</u>

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 6815500 | 2047050 |
| വെറ്ററിനറി സർജൻ | 12 | 12 | 4118000 | 2990000 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 6 | 2016300 | 1468173 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 942533 | 823330 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 12 | 37196420 | 6848540 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 11 | 6 | 8801960 | 3903797 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1300000 | 588107 |
| സെക്രട്ടറി | 37 | 29 | 11004243 | 4844631 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | 6 | 5 | 1661000 | 1447722 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 107 | 35 | 26439520 | 7065737 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 7 | 2395758 | 1027394 |
| ആകെ | 218 | 123 | 102691234 | 33054481 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 186 | 95 | 51.08 | 78669711 | 25018112 | 31.8 |
| പ്രത്യേക ഘടകപദ്ധതി | 20 | 18 | 90 | 10217834 | 3627000 | 35.5 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 12 | 10 | 83.33 | 13803689 | 4409369 | 31.94 |
| ആകെ | 218 | 123 | 56.42 | 102691234 | 33054481 | 32.19 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 22 | 20 | 90.91 | 13049300 | 5730157 | 43.91 |
| സേവനം | 98 | 63 | 64.29 | 62343036 | 19755798 | 31.69 |
| പശ്ചാത്തലം | 98 | 40 | 40.82 | 27298898 | 7568526 | 27.72 |
| ആകെ | 218 | 123 | 56.42 | 102691234 | 33054481 | 32.19 |

03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി

അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് നടപ്പാക്കിയപ്പോൾ മതിയായ നിരക്കിൽ ഫൈൻ ഈടാക്കിയിട്ടില്ല. വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന തുകയിലും കൂടുതലായി തുക നൽകിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1547996 | 1547996 | 1547996 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23719000 | 23719000 | 23719000 | 0 |
| ആകെ | 0 | 25266996 | 25266996 | 25266996 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1578000 | 540 |
| വിധവാപെൻഷൻ | 3142200 | 1075 |
| വാർദ്ധക്യകാല പെൻഷൻ | 6555000 | 2143 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1116700 | 372 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 48000 | 16 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2022 2.15-p.m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10427 (പതിനായിരത്തി നാനൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ്, വാടക എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ ഉടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചയായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ

രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.07.2021 മുതൽ 04.08.2021 വരെ | 12/2019 മുതൽ 03/2021 വരെ | 04.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2018 | 1997-98 മുതൽ 2007-08 വരെ | 26.11.2018 |

## 1-11 തൊഴിൽ നികുതി പിരിവ്- അപാകങ്ങൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ ഇവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എല്, അത്തിക്കയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പോസ്റ്റ് ഓഫീസ്, കക്കുടുമൺ | രണ്ടാം അർദ്ധവർഷം |
| 3 | പോസ്റ്റ് ഓഫീസ്, കുടമുരുട്ടി | രണ്ടാം അർദ്ധവർഷം |
| 4 | റേഷൻ കട, തോമ്പിക്കണ്ടം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | റേഷൻ കട, കുറുമ്പൻമൂഴി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | റേഷൻ കട, ഉന്നത്താനി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | റേഷൻ കട, തോണിക്കടവ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | റേഷൻ കട, അത്തിക്കയം 1 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | റേഷൻ കട, അത്തിക്കയം 2 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | റേഷൻ കട, അത്തിക്കയം 3 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | റേഷൻ കട, നാറാണംമൂഴി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | റേഷൻ കട, കക്കുടുമൺ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | റേഷൻ കട, അടിച്ചിപ്പുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | പൈലറ്റ്സ് ലാറ്റക്സ് ഫാക്ടറി, ഇടമുറി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കുറ്റിയിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പുത്തൻപുരയ്ക്കൽ മിനി ബാങ്കേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | മുള്ളൂട്ടിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ഡോ. സി.സി ബാബു മെമ്മോറിയൽ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 5 | ക്ഷീരോത്പാദക സഹകരണസംഘങ്ങൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

3. 2019-20 വർഷം പഞ്ചായത്തിൽ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/16.02.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രസീതുനമ്പർ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വാടകപിരിവ് - അപാകങ്ങൾ

പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന കടമുറികൾ, സ്റ്റാളുകൾ എന്നിവയുടെ 2019-20 വർഷത്തെ വാടക പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

ഡിമാന്റ് രജിസ്റ്ററിൽ കടമുറികളുടെ വാടക ഈടാക്കിയതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

(2) വാടകക്കാരുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല

പഞ്ചായത്ത് കടമുറികൾ, സ്റ്റാളുകൾ ഇവ വാടകയ്ക്ക് നൽകിയിട്ടുള്ള വ്യക്തികളുമായി മുദ്രപത്രത്തിൽ കരാറിലേർപ്പെട്ടിട്ടില്ല. വാടക ഒടുക്കുന്നതിലും, വ്യവസ്ഥകൾ പാലിക്കുന്നതിലും വീഴ്ച വരുത്തുന്ന വാടകക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഇതാവശ്യമാണ്. നിയമാനുസൃതം കരാറിലേർപ്പെട്ട് കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

(3) വാടക പൂർണ്ണമായി ഈടാക്കുന്നില്ല

വാടക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലും അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വാടകയിനത്തിലെ പിരിവിന്റെയും ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെയും കൃത്യത പരിശോധിച്ച് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. 2019-20 വർഷം വാടകയ്ക്ക് നൽകിയിരുന്ന കടമുറികളുടെ പ്രതിമാസ വാടകയുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/19.02.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള പ്രതിമാസവാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക |
|---|---|---|---|
| 1 | 2 | സോണി ജോസഫ് | 4783 |
| 2 | 4 | ആശ ആനന്ദ് | 1992 |
| 3 | 5 | കെ കെ സോമൻ | 1594 |
| 4 | 7 | മാവേലി സ്റ്റോർ | 990 |
| 5 | 8 | വി കെ പ്രശാന്ത് | 2447 |
| 6 | 9 | വി കെ പ്രശാന്ത് | 1155 |
| 7 | 10 | പി കെ ജയചന്ദ്രൻ | 1466 |
| 8 | 11 | രാജമ്മ | 1735 |
| 9 | 12 | അപ്പുക്കുട്ടൻ | 607 |
| 10 | 16 | സണ്ണി ചാക്കോ | 1979 |
| 11 | 17 | ക്ഷീരോത്പാദക സഹകരണസംഘം | 607 |
| | | SGSY മുറികൾ | |
| 12 | 1 | പ്രേം കുമാർ | 608 |
| 13 | 3 | വർഗീസ് ഡാനിയേൽ | 843 |
| 14 | 4 | വർഗീസ് ഡാനിയേൽ | 884 |
| 15 | 5 | തോമസ് മാത്യു | 989 |
| 16 | 6 | ശാന്തമ്മ വർഗീസ് | 1101 |

| | | | |
|---|---|---|---|
| | | ഓപ്പൺ സ്റ്റാൾ | |
| 17 | 1 | റെജി | 788 |
| 18 | 2 | മധുകുമാർ | 1485 |
| 19 | 3 | മധുകുമാർ | 2279 |
| 20 | 4 | പി വി വർഗീസ് | 3238 |
| 21 | 5 | പി വി വർഗീസ് | 814 |
| 22 | 6 | പി വി ജോസഫ് | 821 |
| 23 | 7 | വി റ്റി വർഗീസ് | 821 |
| 24 | 8 | ജമാലുദ്ദീൻ | 814 |
| 25 | 9 | ബിന്ദു സജു | 752 |
| 26 | 10 | അലിയാർ | 831 |
| | | ഷോപ്പിംഗ് കോംപ്ലക്സ് | |
| 27 | 2 | വി കെ പ്രകാശ് | 807 |
| 28 | 3 | ശോശാമ്മ | 1005 |

2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷ വാടകയിനത്തിൽ 233525 രൂപയും വാടക കുടിശ്ശികയിനത്തിൽ 53047 രൂപയും ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാടക അടവാക്കാൻ അവശേഷിക്കുന്ന വാടകക്കാരിൽ നിന്ന് കുടിശ്ശിക സഹിതം വാടക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ജീവനക്കാരുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ലേലനടപടികൾ സമയബന്ധിതമായി നടത്തുന്നില്ല

2019-20 വർഷത്തെ ലേലം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.2019-20 വർഷത്തിൽ പച്ചമീൻ സ്റ്റാൾ മൊത്തവ്യാപാരം, വാഹനപാർക്കിംഗ് ഫീസ് പിരിവ്, പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്നിവ ലേലം കൊണ്ട വ്യക്തികളിൽ നിന്ന് ജി.എസ്.റ്റി. ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ജി.എസ്.റ്റി. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രസീതുനമ്പർ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ലേലനടപടികളുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന ലേലനടപടികൾ സമയബന്ധിതമായി നടത്തിയിട്ടില്ല.

I) പത്തനംതിട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.12.2019 ലെ SFPA2-1850/19 നമ്പർ കത്ത് പ്രകാരം മാടമൺ നോർത്ത് ഗവ.എൽ പി എസ് കോമ്പൗണ്ടിൽ നിൽക്കുന്ന 374 അക്കേഷ്യാ മരങ്ങൾ മുറിച്ചുമാറ്റി ലേലം ചെയ്യുന്നതിന് അനുമതി ലഭ്യമാക്കിയിരുന്നു.

II) കുടുംബശ്രീ വനിതാവിപണനകേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കണ്ണമ്പള്ളിയിലെ പഞ്ചായത്ത് വക വസ്തുവിൽ നിൽക്കുന്ന മരങ്ങൾ (പ്ലാവ്-1, തേക്ക്-1, താന്നി-1)ലേലം ചെയ്യുന്നതായി 02.03.2020 ലെ ലേലനോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് ലേലനടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/ 18.02.2022) മറുപടിയായി ടി മരങ്ങൾ നിലവിലും മുറിച്ചുമാറ്റി ലേലം ചെയ്തിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ലേലനടപടികൾ സമയബന്ധിതമായി നടപ്പിലാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-14 കുടമുരുട്ടി എൽ.പി. സ്കൂൾ അടുക്കള നിർമ്മാണം-ഫൈൻ ഈടാക്കിയത് കുറവ്

കുടമുരുട്ടി എൽ.പി.സ്കൂൾ അടുക്കള നിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.വി.എബ്രഹാം, പുന്നമൂട്ടിൽ, അത്തിക്കയം എന്ന കോൺട്രാക്ടർക്ക് നിർമ്മാണച്ചുമതല നൽകിയിട്ടുണ്ട് (പി.എ.സി.തുക235603). 1-3-2017-ൽ ടിയാൻ അസി.എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (നം.18/16-17/AE/LSGD/NRM). പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് അളവ് പരിശോധന നടത്തിയിരിക്കുന്നത് 29-11-2018ലാണ്. (എം.ബുക്ക് നം.22/16-17). പദ്ധതിക്ക് അനുവദിച്ചിരുന്ന സമയം മൂന്ന് മാസവും, 31 ദിവസവുമായിരുന്നു. ആയതിൻപ്രകാരം 1-7-2017-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. അനുവദിക്കപ്പെട്ടതിലും 17 മാസം വൈകിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ബിൽ തുക കരാറുകാരന് നൽകിയപ്പോൾ (ബിൽനം.5/19-20, 173408,

18-5-2019) 1734 രൂപ മാത്രമാണ് ഫൈൻ ഈടാക്കിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. 2012-ലെ പൊതുമരാമത്ത് മാന്വൽ (ജി.ഒ.(പി)13/2012/PWD/1.2.2012) സെക്ഷൻ 2112 പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ഭരണസമിതിയുടെ അനുമതിയോടെ പി.എ.സി. തുകയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണകാലാവധിയുടെ 25% വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നു കാലാവധി ദീർഘിപ്പിക്കുന്നതിന് 2% പിഴ ഈടാക്കണമെന്നും പരമാവധി ദീർഘിപ്പിക്കൽ കാലാവധി പൂർത്തീകരണ കാലാവധിയുടെ 50% ൽ അധികമാകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ആധികാരികമല്ലെന്നും ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചശേഷമേ കരാറുകാരന് തുക നൽകാൻ പാടുള്ളൂ എന്നും പൊതുമരാമത്ത് മാന്വൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5/19-20, 17.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. നിയമപ്രകാരം ഈടാക്കേണ്ട ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 എസ്.സി.പി ഫണ്ട് വകമാറ്റി ചെലവഴിച്ചു

വി.ഇ.ഒ നടപ്പാക്കിയ വീട് വാസയോഗ്യം ആക്കൽ-എസ്.സി.പി(17/20) പ്രോജക്ട് പ്രകാരം കുഞ്ഞുചെറുക്കൻ (വേങ്ങത്തോട്ടത്തിൽ, കക്കുടുമൺ പി.ഒ) എന്ന ഗുണഭോക്താവിന് 13.11.2019ലെ 118-ാം നമ്പർ ബിൽ പ്രകാരം 50000 രൂപയും 28. 12. 2019-ലെ 194-ാം നമ്പർ ബിൽ പ്രകാരം 50000 രൂപയും ചേർത്ത് ആകെ ഒരു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 6/18.02.22 ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ വീട് വാസയോഗ്യം ആക്കൽ (ജനറൽ) പ്രോജക്ടിന്റെ ഗുണഭോക്താവാണെന്ന് വ്യക്തമാക്കി. വീട് വാസയോഗ്യമാക്കൽ ജനറൽ വിഭാഗം പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 50000 രൂപയാണ്. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട ടിയാന് എസ്.സി.പി. പദ്ധതിക്ക് നിശ്ചയിച്ച 100000 രൂപ എസ്.സി.പി. യിൽ നിന്നും നൽകിയതുമൂലം എസ്.സി.പി. ഗുണഭോക്താവിന് ലഭിക്കേണ്ട 100000 രൂപ വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ആയതിനാൽ എസ്.സി.പി ഫണ്ടിൽ നിന്നും അധികം കൈപ്പറ്റിയ 50000 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതും എസ്.സി.പി ഫണ്ടിൽ നിന്നും വകമാറ്റി ജനറൽ വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താവിന് നൽകിയ ധനസഹായമായ 50000 രൂപയ്ക്ക് പകരമായി വരും വർഷം പരിഹാര നടപടികൾ സ്വീകരിച്ച് ജനറൽ ഫണ്ടിൽ നിന്നും തുക ക്രമീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 അധികമായി ഒടുക്കിയ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതിന്റെ രേഖകളില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കിടാരി വിതരണം(176/20,38/19) നമ്പർ പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്ക് 180000 രൂപ പദ്ധതി വിഹിതവും 180000രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയിരുന്നു. ഇതിൻ പ്രകാരം ഒരു ഗുണഭോക്താവ് 12000 രൂപ എന്ന നിരക്കിൽ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടിയിരുന്നു.എന്നാൽ പ്രസ്തുത പ്രോജക്ടിലെ (സ്പിൽ ഓവർ-176/20) ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ടി പദ്ധതിക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ അധികം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും അഡ്രസ്സും | ഗുണഭോക്തൃ വിഹിതം |
|---|---|---|
| 1 | കത്രീനാമ്മ. ഈട്ടിക്കൽ, ചാത്തൻ തറ പി.ഒ, വാർഡ് 5 | 18000 |
| 2. | മേരിക്കുട്ടി, ഇളംപ്ലാക്കാട്ട്, ചാത്തൻതറ പി.ഒ, വാർഡ് 5 | 18000 |
| 3 | എൽസി പി ജോസഫ്, പുന്നമൂട്ടിൽ, നാറാണം മൂഴി പിഒ, മടന്തമൺ, വാർഡ്-3 | 18000 |
| 4 | അൻസു വർഗ്ഗീസ്, പുതുപ്പറമ്പിൽ വീട്, തോമ്പിക്കണ്ടം, വാർഡ്-1 | 18000 |
| 5 | ശ്രുതി സി എസ്സ്, ചിറപറമ്പിൽ, കണ്ണമ്പള്ളി, വാർഡ്-13 | 18000 |

ടി തുകകൾ 26.03.2019 ൽ പഞ്ചായത്തിൽ 118020102796, 118020102797 എന്നീ രസീതുകൾ പ്രകാരം വെറ്ററിനറി സർജൻ ഒടുക്ക് വരുത്തുകയും തുടർന്ന് അധികമായി ഒടുക്ക് വരുത്തിയ 30000രൂപ (6000x5) 25.09.2019ലെ 328614-ാം നമ്പർ ചെക്ക്(SBT, Athikkayam) പ്രകാരം തനത് ഫണ്ടിൽ നിന്നും വെറ്ററിനറി സർജന് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അൻസു വർഗ്ഗീസ്, ശ്രുതി സി.എസ്സ് എന്നിവർ അധിക ഗുണഭോക്തൃവിഹിതം തിരികെ കൈപ്പറ്റിയതിന്റെ രേഖകളുണ്ട്. എന്നാൽ ബാക്കി 3 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രസീതോ ടി തുക പ്രസ്തുത ഗുണഭോക്താക്കൾക്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട് എന്നതിന്റെ പാസ്സ് ബുക്ക് പകർപ്പുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ടി ഗുണഭോക്താക്കൾക്ക് നൽകിയ കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും,

ഗുണഭോക്തൃലിസ്റ്റിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/26.02.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പട്ടിട്ടില്ലാത്തവർക്ക് ധനസഹായം നൽകി

വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ ധനസഹായം |
|---|---|---|---|
| 1 | ആട് വളർത്തൽ-ജനറൽ | രാജമ്മ, എസ്.എൻ സദനം, പൊന്നമ്പാറ, വാർഡ്-13 | 8000 |
| 2 | - ടി - | കുഞ്ഞുമോൾ ജോയി, അറയ്ക്കമണ്ണിൽ, തെക്കേചരുവിൽ, വാർഡ്-7 | 8000 |
| 3 | - ടി - | തങ്കമണി, ഓലിക്കൽ, കടുമീൻചിറ, വാർഡ്-4 | 8000 |
| 4 | - ടി - | മറിയാമ്മ കെ തോമസ്, പയ്യനാട് വീട്, മടന്തമൺ, വാർഡ്-8 | 8000 |
| 5 | - ടി - | ഷൈനി ജോസ്, പുന്നമൂട്ടിൽ, അത്തിക്കയം, വാർഡ്-3 | 8000 |
| 6 | - ടി - | ഷേർളി കുരിയാക്കോസ്, മധുരംകോട്ട്, വാർഡ്-4 | 8000 |
| 7 | ആട് വളർത്തൽ-എസ്.സി | നിർമ്മല . പി, പാണക്കുഴിയിൽ വീട്, അടിച്ചിപ്പുഴ, വാർഡ്-9 | 8000 |
| 8 | - ടി - | ഗീതാമണി എം.കെ, പനവേലിക്കാലായിൽ, അടിച്ചിപ്പുഴ, വാർഡ്-11 | 8000 |
| 9 | - ടി - | ഇ. കെ. രാജമ്മ, ഈട്ടിക്കാലായിൽ വീട്, തോമ്പിക്കണ്ടം, വാർഡ്-2 | 8000 |
| 10 | - ടി - | സുലോചന ശശി, വലിയ പറമ്പിൽ, കണ്ണമ്പള്ളി, വാർഡ്-12 | 8000 |
| 11 | - ടി - | അമ്മിണി തങ്കപ്പൻ, പ്ലാന്തോട്ടത്തിൽ, കക്കുടുമൺ, വാർഡ്-8 | 8000 |
| 12 | - ടി - | വിജിമോൾ, തണ്ടേൽ, വാർഡ്-13 | 8000 |
| 13 | - ടി - | രാധാമണി, പുളിക്കൽ, ചാത്തൻതറ, വാർഡ്-5 | 8000 |
| 14 | - ടി - | രാധിക പി.എ, കുടമുരുട്ടി, പുതുപ്പറമ്പിൽ ഹൗസ്, വാർഡ്-7 | 8000 |
| 15 | - ടി - | ഓമന എ.റ്റി, കുളത്താനിൽ വീട്, അടിച്ചിപ്പുഴ, വാർഡ്-11 | 8000 |
| 16 | - ടി - | സുമ കെ.വി, കാവും നടയിൽ വീട്, തോമ്പിക്കണ്ടം, വാർഡ്-2 | 8000 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 26.02.2022ൽ 9-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ടി. ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി, ഗ്രാമസഭ എന്നിവയിൽ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | 171/20 വയോജനക്ഷേമപ്രവർത്തനങ്ങൾ(SO) |
| ചെലവ് | 221850 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ/ തീയതി | 01/19-20 -13.05.2019 221850 |

2019-20 വർഷം ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനക്ഷേമ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

പഞ്ചായത്ത് കമ്മറ്റിയുടെ 26.11.2018 ലെ അടിയന്തരയോഗത്തിലെ 2(2) നമ്പർ തീരുമാനപ്രകാരം വയോജനക്ഷേമപ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായി ഐ സി ഡി എസ് സൂപ്പർവൈസറെ തീരുമാനിക്കുകയും 26.02.2019 തീയതിയിൽ നടന്ന അടിയന്തിരയോഗത്തിലെ 1(9) നമ്പർ തീരുമാനപ്രകാരം ടി പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 26.02.2019 തീയതിയിലെ 1(14) നമ്പർ തീരുമാനപ്രകാരം ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് ഗുണഭോക്താക്കളെ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 51 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്.

മേൽ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ഗ്രാമസഭയിൽ നിന്നും സാധൂകരണം ലഭിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ ചുവടെ ചേർക്കുന്നവർ 26.02.2019 ൽ കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവരെയും ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| പേര് | വാർഡ് നമ്പർ |
|---|---|
| ശോശാമ്മ എബ്രഹാം, ഒറ്റക്കല്ലിൽ | 7 |
| ഗൗരിയമ്മ, അരീപ്പറമ്പിൽ | 9 |
| അന്നമ്മ, തോട്ടുങ്കൽ | 12 |
| ചിന്നമ്മ, ഈട്ടിനിൽക്കുംപുരയിടത്തിൽ | 12 |
| കുഞ്ഞമ്മ കുഞ്ഞുമോൻ, ഈട്ടിയ്ക്കൽ | 12 |
| കുഞ്ഞുമോൾ, പാറയ്ക്കൽ | 12 |
| കുഞ്ഞമ്മ, പാറക്കുഴിയിൽ | 12 |
| പങ്കജാക്ഷി, ചക്കാലയിൽ | 13 |

പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയ 51 ഗുണഭോക്താക്കളുടെയും അർഹത അതാത് വാർഡുകളിലെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2. അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ ചുവടെ ചേർക്കുന്നവർ അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം അവർക്ക് 60 വയസ്സ് പൂർത്തിയായിട്ടില്ല. ടി ആളുകളുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

| പേര് | വാർഡ് നമ്പർ | ജനിച്ച വർഷം (ആധാർ കാർഡ് പ്രകാരം) |
|---|---|---|
| ശാന്തമ്മ, നാരകത്തുംമൂട്ടിൽ | 5 | 1966 |
| സുലോചന, മാടപ്പള്ളിൽ | 5 | 1963 |
| കുഞ്ഞമ്മ കുഞ്ഞുമോൻ, ഈട്ടിയ്ക്കൽ | 12 | 1964 |

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.02.2022) ഗുണഭോക്താക്കളെ അംഗീകരിച്ചതിന്റെ വിവരവും രേഖകളും അടിയന്തരമായി ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല

വീട് വാസയോഗ്യം ആക്കൽ-ജനറൽ(14/20) പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 50000രൂപ നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത് . എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ 25000 രൂപ മാത്രമാണ് നാളിതുവരെ കൈപ്പറ്റിയിട്ടുള്ളത്.

| | |
|---|---|
| 1 | പൊടിയമ്മ, കൊച്ചപ്ലാക്കൽ |
| 2 | എൻ. കെ.കുട്ടപ്പൻ, ചങ്ങംകുളത്ത് |

നിലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിന് 6/18.02.22 -ാം നമ്പർ എൻക്വയറി നൽകുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ ടി. ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല എന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. പണി പൂർത്തികരിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 'എയ്ഞ്ചൽ സേന' - ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല

പാലിയേറ്റീവ് പരിചരണങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ (07.03.2019 ലെ (സാ.ധാ.) നം 553/2019/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്) പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് നിബന്ധനകൾക്ക് വിധേയമായി മരുന്നുകളും സാധന സാമഗ്രികളും തദ്ദേശ സ്ഥാപനങ്ങൾക്ക് പി.എം.സി മുഖേന വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 6.4 ക്രമ നം 16 പ്രകാരം ജീവിത ശൈലി രോഗങ്ങളുടെ പരിശോധനയ്ക്കായി മൊബൈൽ യൂണിറ്റുകൾ രൂപീകരിക്കാമെന്നും മൊബൈൽ യൂണിറ്റിനാവശ്യമായ ഉപകരണങ്ങളുടെയും വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃവിഹിതമായോ ബാങ്ക് വായ്പയായോ കണ്ടെത്തേണ്ടതാണെന്നും, ജനറൽ,എസ്.സി/എസ്.ടി എന്നീ വിഭാഗങ്ങൾക്ക് ഇതിനായി യഥാക്രമം 40000, 50000 രൂപ പരമാവധി സബ്സിഡി നൽകാവുന്നതാണെന്നും, ബാങ്ക് വായ്പയായി തുക കണ്ടെത്തിയാൽ സബ്സിഡി ബാക്ക് എൻഡ് ആയി നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി ഏഞ്ചൽ സേന തുടർപ്രവർത്തനം-ജീവിത ശൈലി രോഗങ്ങളുടെ കണ്ടെത്തൽ എന്ന പ്രോജക്ട് (153/20) പ്രകാരം സന്നദ്ധ സംഘടനയ്ക്ക് വേണ്ടി ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 120000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏഞ്ചൽ സേന എന്ന സന്നദ്ധ സംഘടന പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരമാണോ സബ്സിഡിമാർഗ്ഗരേഖ പ്രകാരമാണോ രൂപീകരിച്ചതെന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. മാത്രമല്ല, ടി സംഘടന നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ ചമച്ചിട്ടില്ല. കോവിഡ് കാലയളവിൽ പ്രസ്തുത സംഘടന പ്രവർത്തനം നിർത്തിയതായും ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെ തിരികെ ഏൽപിച്ചതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. സംഘടന സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് എൻക്വയറി(7/23.02.22) നൽകിയിരുന്നുവെങ്കിലും, രൂപീകരണം, കരാർ വ്യവസ്ഥകൾ, പ്രവർത്തനം സംബന്ധിച്ച മാനദണ്ഡം, പ്രവർത്തനത്തിനാവശ്യമായ മൂലധനം കണ്ടെത്തൽ, ഉപകരണങ്ങളുടെ സൂക്ഷിപ്പ് എന്നിവയെക്കുറിച്ചുള്ള വിശദാംശം മറുപടിയിൽ ലഭ്യമാക്കിയില്ല. പാലിയേറ്റീവ് മാർഗ്ഗരേഖയോ സബ്സിഡി മാർഗ്ഗരേഖയോ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമല്ലാതെ രൂപീകരിച്ച സംഘടനയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ സംഘടന തിരികെ ഏൽപിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതും ആയവ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

## 1-21 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | ചെലവ് തുക | ബിൽ നം /തീയതി | ലഭിച്ച മരുന്ന് (രൂപയിൽ) | ലഭിക്കാൻ അവശേഷിക്കുന്നത് (രൂപയിൽ) |
|---|---|---|---|---|---|
| 1 | 153/20 | 120000 | 124/29.11.2019 | 118197 | 1803 |
| 2 | 152/20 | 500000 | 9.19.20/ 09.10.2019 250000 | 227789 | 22211 |
| | | | 11/19-20 /07.02.2020 250000 | 195883 | 54117 |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 ചെലവ് രേഖകൾ ഇല്ല

കൃഷി ഓഫീസർ 2019-20 ൽ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുകകൾ സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഇല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 93/20 വാഴക്കൃഷി വികസനം | 1879500 | 611500 | 166/21.12.19 498000 | 113500 രൂപയുടെ ചെലവ് രേഖകൾ ഇല്ല. |
| 2 | 108/20 കുരുമുളക് കൃഷി വികസനം | 230000 | 230000 | 62/27.08.19 185500 | 44500 രൂപയുടെ ചെലവ് രേഖകൾ ഇല്ല. |

ടി. തുകകൾ സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-23 നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ചുവടെ ചേർത്തിരിക്കുന്ന നിക്ഷേപ പ്രവൃത്തിക്കായി പഞ്ചായത്ത് തുക നിക്ഷേപിച്ച് ഏകദേശം 2 വർഷം ആയിട്ടും യാതൊരു നടപടിയും നിർവ്വഹണ ഏജൻസിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നിർവ്വഹണ ഏജൻസി | ബിൽ നം /തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| 133/20 പൈപ്പ് ലൈൻ -വാർഡ് -5 | വാട്ടർ അതോറിറ്റി | 32/19-20 13.03.20 | 310000 |

പൂർത്തീകരണ വിവരം ലഭ്യമാക്കുവാൻ 2/10.02.22-ാം നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. നിലവിൽ പൂർത്തീകരിച്ചിട്ടില്ലായെന്ന് മറുപടിയിൽ അറിയിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും മോണിട്ടറിംഗ് നടത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സത്വര നടപടികൾ കൈക്കൊള്ളേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്ട് നം 61/20 പ്രകാരം എ.ബി.സി പ്രോഗ്രാം വിഹിതമായി 105000 രൂപ 21.06.2019-ലെ 6-ാം നമ്പർ ബിൽ പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം കുടുംബശ്രീ ജില്ലാമിഷൻ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1000000 | 103, കിഴങ്ങ് വർഗ്ഗ വിള വികസനം | 1000000 | 0 |
| | 612566 | 7, ലൈഫ് ജനറൽ | 600000 | 12566 |
| | 90071 | 16, ലൈഫ് എസ്.സി | 90071 | 0 |
| | 300000 | 18, ലൈഫ് എസ്.റ്റി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 516929 | 7, ലൈഫ് ജനറൽ | 0 | 516929 |
| | 88640 | 16, ലൈഫ് എസ്.സി | 0 | 88640 |
| | 16944 | 18, ലൈഫ് എസ്.റ്റി | 0 | 16944 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

നിക്ഷേപ പ്രവൃത്തികൾക്കായി 2019-20ൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണ ഏജൻസി | ബിൽ നം./ തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 133/20 പൈപ്പ് ലൈൻ -വാർഡ് -5 | വാട്ടർ അതോറിറ്റി | 32/19-20 13.03.20 | 310000 | 0 | 310000 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| 2 | 141/20- സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | 31/19-20 13.03.20 | 185968 | 0 | 185968 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| 3 | 162/20 | വാട്ടർ അതോറിറ്റി | 29/19-20 20.01.20 | 310000 | 237761 | 72239 | 72239 രൂപ 28.10.21ൽ 406370-ാം നമ്പർ ചെക്ക് പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. |
| 4 | 261/20 | കെ.എസ്.ഇ.ബി | 30/19-20 01.02.20 | 26402 | 26402 | 0 | യൂട്ടിലൈസേഷൻ 01.12.20ൽലഭിച്ചു. |
| 5 | 262/20 | കെ.എസ്.ഇ.ബി | 33/19-20 13.03.20 | 320129 | 320129 | 0 | യൂട്ടിലൈസേഷൻ 01.12.20ൽലഭിച്ചു. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം 9220000 രൂപ വായ്പയിനത്തിൽ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തേ ഉൾപ്പടെ തിരിച്ചടയ്ക്കവാനുണ്ടായിരുന്ന ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)100/2018 /LSGD/30.07.2018 | 12870000 | 22090000 | 1088236 | - | 21001764 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 3-9 | 25000 | ശ്രീകുമാർ എസ്സ്, കൃഷി ഓഫീസർ | 119020500021/ 01.10.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-00 | - | 2003-04 | - | വൗച്ചർ, ഫയൽ എന്നിവ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 2 | 2001-02 | 2-9. | 2006-07 | 3.18.1.14 | ബിഫണ്ട് ചെലവുകൾ വൗച്ചറുകൾ/ ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 3 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | - | 2015-16 | 3-6.2 | SC/STകോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല | നിലനിൽക്കുന്നു |
| 4 | 2015-16 | 2-3. | 2016-17 | - | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78815776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60406638 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147/06 തീയതി:- 30.6.06 | 2 (2-7, 2-9) |
| 2001-02 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/318/04 തീയതി:- 15.10.04 | 1 10(2) |
| 2001-02 വരവ് | നം.എൽ.എഫ്.പി.റ്റി.എ.പി8/135/12, തീയതി:- 03.03.12 | 3 (2-7, 2-8, 2-9) |
| 2002-03 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.8/136/12 തീയതി:- 03.03.12 | 1 (2-4) |
| 2002-03 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/208/07 തീയതി:- 14.03.07 | 23 (2-7, 2-12, 2-13, 2-15(1) മുതൽ 2-15(19) വരെ ) |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/773/08 തീയതി:- 06.10.09 | 8 (2-3, 3-1 മുതൽ 3-5 വരെ, 3-8(3), 3-10) |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/774/08 തീയതി:- 06.10.09 | 11 (2-3, 2-3(6), 2-5(എ), 2-5(ബി), 3-2, 3-3, 3-5, 3-7, 3-9, 3-10, 3-11) |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/1103/11 തീയതി:- 05.01.12 | 7 (3-1, 3-2, 3-3, 3-5, 3-7) |
| 2006-07 | നംഎൽ.എഫ്.പി.റ്റി.എ.പി.8/1104/11 തീയതി:- 05.01.12 | 9 (2-1, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8) |
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1105/11 തീയതി:- 02.01.12 | 2 (3-3, 3-4) |
| 2008-09 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1106/11 തീയതി:- 02.01.12 | 8 (2-1, 3-2, 3-3, 3-5, 3-7, 3-9, 3-10, 3-11) |
| 2009-10 To 2011-12 | നം.എൽ.എഫ്.പി.റ്റി.എ.പി.6-966/13 തീയതി:- 12.2.14/18.03.2014 | 17 (2-2, 2-4, 3-1, 3-3, 3-4, 3-7, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-24, 3-25) |
| 2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി.6-158/15 തീയതി:- 13.03.15 | 6 (3-6 മുതൽ 3-12 വരെ) |

| | | |
|---|---|---|
| )2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016 തീയതി:- 16.01.2016 | 15 (2-1, 3-2 മുതൽ 3-10 വരെ, 3-18 മുതൽ 3-21 വരെ, 3-24) |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1280 /2016, തീയതി:- 05.12.2016 | 6 (2-1, 2-4, 2-5, 3-5, 3-6, 3-7) |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1180 /2017, തീയതി:- 28.10.2017 | 39 (1-3, 1-5) 2-2 മുതൽ 2-6 വരെ, 3-2 മുതൽ 3-4 വരെ, 3-6 മുതൽ 3-22 വരെ, 3-24 മുതൽ 3-27 വരെ, 3-29, 3-31, 3-32, 3-33, 3-35, 3-36 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി6/131/19 തീയതി:- 12-03-2019 | 28 (1-4, 1-8, 2-1, 2-3, 2-5 മുതൽ 2-8 വരെ, 2-10, 3-1 മുതൽ 3-7 വരെ, 3-9(1), (2), (3), 3-10, 3-11, 3-13 മുതൽ 3-16 വരെ, 3-19, 4-2,4-10 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി6/716/19 തീയതി:- 13.08.2019/23.09.2019 | 30 (1-11,2-2 മുതൽ 2-5 വരെ, 2-7 മുതൽ 2-10 വരെ, 3-1, 3-2, 3-3, 3-5 മുതൽ 3-19 വരെ, 3-22, 4-1, 4-2, 4-9) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ. ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്